# തൗബ എന്ന മടക്കം

**പരിശുദ്ധ** റമദാൻ വിടവാങ്ങിക്കൊണ്ടിരിക്കുകയാണ്. ഈ റമദാനിൽ എന്തു നേടി എന്ന് വിശ്വാസികൾ സ്വയം വിചാരണ ചെയ്യേണ്ട നാളുകളാണിത്. ഭക്തിയും വിശ്വാസവും മുമ്പത്തെക്കാൾ ദൃഢമായിട്ടുണ്ടോ? സൽകർമങ്ങളിൽ താൽപര്യം വർധിച്ചിട്ടുണ്ടോ? ചുരുങ്ങിയപക്ഷം ഏതാനും ഖുർആൻ സൂക്തങ്ങൾ, അല്ലെങ്കിൽ നബിവചനങ്ങൾ ജീവിതത്തെ സ്വാധീനിക്കുംവണ്ണം പഠിക്കാൻ കഴിഞ്ഞോ? ഇതൊന്നും സാധിച്ചിട്ടില്ലെങ്കിൽ ഇനിയുള്ള ദിവസങ്ങളിലെങ്കിലും അതിനു വേണ്ടി പ്രയത്നിക്കണം.

റമദാനിന്റെ അവസാനത്തെ പത്ത് തൗബയുടെ നാളുകളാണ്. പ്രപഞ്ചകാര്യങ്ങളൊക്കെയും തീരുമാനിക്കപ്പെടുന്ന ലൈലത്തുൽ ഖദ്ർ ഉൾപ്പെട്ട ഈ നാളുകളിൽ അല്ലാഹു അവന്റെ ദാസന്മാരുടെ പ്രാർഥനകൾ ഏറെ കേൾക്കുകയും, അവരെ പാപങ്ങൾ പരിഹരിച്ച് ശുദ്ധീകരിക്കുകയും ചെയ്യുന്നു. ശുദ്ധീകരണം കൈക്കൊള്ളാൻ മനുഷ്യർ സ്വയം തയാറാവണമെന്നു മാത്രം. നന്മയോടെന്ന പോലെ തിന്മയോടും തൽപരമാണല്ലോ മനുഷ്യപ്രകൃതി. സ്വയം ഏതു താൽപര്യത്തിനു വഴങ്ങുന്നു എന്നതിനെ ആശ്രയിച്ചിരിക്കുന്നു നമ്മുടെ ജീവിതഗതി. സദ്ബോധത്തിനു വഴങ്ങുന്നവർ അല്ലാഹുവിനോടടുക്കുകയും ചെകുത്താനിൽനിന്നകലുകയും ചെയ്യുന്നു. ദുർബോധത്തിനു വഴങ്ങുന്നവർ നേരെ മറിച്ചും. ദൈവ ധിക്കാരത്തിലൂടെയും പാപകർമങ്ങളിലൂടെയും തന്റെ ദാസന്മാർ തന്നിൽനിന്നകന്നുപോവുകയും ഒടുവിൽ നിത്യ നരകത്തിൽ ചെന്നു വീഴുകയും ചെയ്യുന്നത് കരുണാവാരിധിയായ അല്ലാഹു ഇഷ്ടപ്പെടുന്നില്ല. സൃഷ്ടികൾ തന്റെ വിധിവിലക്കുകളനുസരിച്ചുള്ള ധർമകർമങ്ങളിലൂടെ ശാശ്വത സ്വർഗം പ്രാപിക്കുന്നതാണ് ദയാമയനായ അവൻ ഇഷ്ടപ്പെടുന്നത്.

എന്നാൽ ഒരിക്കലും ഒരു പാപവും ചെയ്യാതിരിക്കുക സാധാരണ മനുഷ്യന് അസാധ്യമാണ്. അവൻ അതീവ ദുർബലനാണല്ലോ. അവന്റെ മനസ്സാവട്ടെ 'തീർച്ചയായും തിന്മ കൽപിക്കുന്നതാണ്' താനും. അതിനാൽ ഒരു തെറ്റും ചെയ്യാതെ പുണ്യങ്ങൾ മാത്രം അനുഷ്ഠിച്ച് തന്നോടുള്ള സാമീപ്യം സദാ സംരക്ഷിച്ചവർക്ക് മാത്രമായിട്ടല്ല അല്ലാഹു സ്വർഗം ഒരുക്കിയിരിക്കുന്നത്. പാപങ്ങൾ ചെയ്ത് തന്നിൽനിന്നകന്നുപോയെങ്കിലും പിന്നീട് അതിൽനിന്ന് വിരമിച്ച് തന്നിലേക്ക് മടങ്ങിവരുന്നവർക്കും വേണ്ടിയാണ്. ഈ മടങ്ങിവരവാണ് തൗബ എന്ന പദം കുറിക്കുന്നത്. തന്നിൽ നിന്നകന്നുപോയവർ തന്നിലേക്ക് തിരിച്ചുവരാൻ അവൻ തന്നെ മലർക്കെ തുറന്നുവെച്ച കവാടമാണ് തൗബ. എന്നും എല്ലാവരുടെ മുമ്പിലും ആ കവാടം തുറന്നു കിടപ്പുണ്ട്. റമദാനിലും ഹജ്ജ് കാലത്തുമൊക്കെ അത് കൂടുതൽ വിപുലീകരിക്കപ്പെടുന്നു. പക്ഷേ ദൃഢവിശ്വാസമാണ് ആ കവാടം കാണാനുള്ള കണ്ണ്. തഖ്‌വയാണ് അതിലൂടെ കടക്കാനുള്ള കരുത്ത്.

പാപങ്ങൾ ഏറ്റുപറയുകയും മേലിൽ അത് ആവർത്തിക്കുകയില്ലെന്ന് പ്രതിജ്ഞയെടുക്കുകയുമാണ് തൗബ. അതുതന്നെയാണ് പിശാചിനെ വെടിഞ്ഞ് അല്ലാഹുവിങ്കലേക്ക് മടങ്ങിപ്പോകലും. പാപങ്ങൾ ഏറ്റുപറയേണ്ടത് പുരോഹിതന്മാരോടോ ആചാര്യന്മാരോടോ അല്ല. ഏറ്റുപറയാൻ പ്രത്യേക കൂടോ കുടീരമോ ആവശ്യമില്ല. സ്വന്തം മനസ്സാക്ഷിയെ സാക്ഷി നിർത്തി അല്ലാഹുവിനോടാണ് ഏറ്റു പറയേണ്ടതും പ്രതിജ്ഞയെടുക്കേണ്ടതും. അതെവിടെ വെച്ചായാലും അല്ലാഹു കേൾക്കുകയും ആത്മാർഥമാണെങ്കിൽ ആരിൽനിന്നായാലും സ്വീകരിക്കുകയും ചെയ്യും. ചെയ്തുപോയ പാപങ്ങളിൽ നിഷ്കളങ്കമായ ഖേദം, മേലിൽ ആവർത്തിക്കുകയില്ലെന്ന ഉറച്ച തീരുമാനം, അന്യരുടെ അവകാശങ്ങൾ കവർന്നിട്ടുണ്ടെങ്കിൽ തിരിച്ചു കൊടുക്കുക, അല്ലാഹുവിനോടുള്ള ബാധ്യതകളിൽ വീഴ്ച വരുത്തിയിട്ടുണ്ടെങ്കിൽ പരിഹരിക്കുക, സൽകർമങ്ങളിൽ വർധിച്ച താൽപര്യം ഇതൊക്കെയാണ് സ്വീകാര്യമായ തൗബയുടെ മാനദണ്ഡങ്ങൾ. ഈ മാനദണ്ഡങ്ങൾ പൂർത്തിയാക്കിക്കൊണ്ട് തൗബ ചെയ്യുന്നവർ എത്രയേറെ മഹാപാപങ്ങൾ ചെയ്തിട്ടുണ്ടെങ്കിലും നിരാശപ്പെടേണ്ടതില്ല. "പറയുക, സ്വന്തം ആത്മാക്കളോട് അതിരറ്റ അധർമമനുവർത്തിച്ച ദൈവദാസന്മാരേ, അല്ലാഹുവിന്റെ കാരുണ്യത്തിൽ നിരാശപ്പെടാതിരിക്കുക. തീർച്ചയായും അല്ലാഹു എല്ലാ പാപങ്ങളും പൊറുത്തുതരുന്നതാണ്. തീർച്ചയായും അവൻ എല്ലാം പൊറുക്കുന്നവനും പരമകാരുണികനും തന്നെയാകുന്നു" (ഖുർആൻ 39:53). "തീർച്ചയായും അല്ലാഹു തവ്വാബുകളെ (ചെകുത്താന്റെ മാർഗം വെടിഞ്ഞ് അല്ലാഹുവിലേക്ക് മടങ്ങുന്നവരെ) സ്നേഹിക്കുന്നു. പാപക്കറകളിൽനിന്ന് സംശുദ്ധരാകുന്നവരെ സ്നേഹിക്കുന്നു" (2:222). ഖുർആൻ പാപങ്ങളിൽ പശ്ചാത്തപിക്കുന്നവരെ തവ്വാബ് (ഏറെ മടങ്ങുന്നവൻ) എന്നു വിശേഷിപ്പിച്ചതുപോലെ പശ്ചാത്തപിച്ചവരെ കൈക്കൊള്ളുന്ന അല്ലാഹുവിനെയും 'തവ്വാബ്' എന്നു തന്നെ വിശേഷിപ്പിക്കുന്നു എന്നത് ഏറെ ശ്രദ്ധേയമാകുന്നു. "അല്ലാഹുവിനെ സൂക്ഷിക്കുവിൻ, തീർച്ചയായും അല്ലാഹു അടിമകളോട് ഏറെ കാരുണ്യമുള്ളവനും തവ്വാബും (മടങ്ങുന്നവനും) ആകുന്നു" (49:12) അവനോട് പാപമോചനം തേടുക. തീർച്ചയായും അവൻ തവ്വാബ് (ഏറെ മടങ്ങുന്നവൻ) ആകുന്നു. 'അടിമ ഒരു ചാൺ അല്ലാഹുവിനോട് അടുക്കുമ്പോൾ അല്ലാഹു ഒരു മുഴം അടിമയോടടുക്കുന്നു, അടിമ അല്ലാഹുവിലേക്ക് നടന്നടുക്കുമ്പോൾ അല്ലാഹു അവനിലേക്ക് ഓടിയടുക്കുന്നു' എന്ന് നബി(സ) പ്രസ്താവിച്ചിരിക്കുന്നു.

അല്ലാഹു, തൗബ എന്ന അത്യുദാരമായ കവാടം തുറന്നുവെച്ചിട്ടില്ലായിരുന്നുവെങ്കിൽ ഒറ്റ മനുഷ്യപുത്രനും സ്വർഗലബ്ധിയോ നരകമുക്തിയോ സാധ്യമാവുകയില്ല. തൗബയിലൂടെ നരകമുക്തിയും സ്വർഗലബ്ധിയും നേടാൻ കഴിയാത്തവർ ആരുമില്ല. പക്ഷേ കടക്കാൻ കൂട്ടാക്കുന്നില്ലെങ്കിൽ കവാടമുണ്ടായിട്ടെന്തു കാര്യം?! അതിനാൽ "അല്ലയോ വിശ്വാസികളേ, അല്ലാഹുവിലേക്ക് നിഷ്കളങ്കമായി തൗബ ചെയ്യുവിൻ (മടങ്ങിച്ചെല്ലുവിൻ). നിങ്ങളുടെ വിധാതാവ് പാപങ്ങൾ പരിഹരിക്കുകയും താഴ്ഭാഗങ്ങളിലൂടെ അരുവികളൊഴുകുന്ന ആരാമങ്ങളിൽ നിങ്ങളെ പ്രവേശിപ്പിക്കുകയും ചെയ്യും" (66:8). "നിങ്ങളൊന്നായി അല്ലാഹുവിലേക്ക് തൗബ ചെയ്യുവിൻ (മടങ്ങിച്ചെല്ലുവിൻ) വിശ്വാസികളേ; നിങ്ങളുടെ ജീവിതം സഫലമാകാൻ" (24:31). ■